**കേരള സർക്കാർ**

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - "പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി" മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കുട്ടികളുടെ അക്കാദമിക തലത്തിലുള്ള വിലയിരുത്തലുകൾ നടത്തുന്നതിന് സർക്കാർതല കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതു വിദ്യാഭ്യാസ (എം) വകുപ്പ്

**സ.ഉ (പി)നം. 204/2016/പൊ.വി.വ. തീയതി, തിരുവനന്തപുരം, 08/12/2016**

---

പരാമർശം:- 1. 28/09/16 ലെ സഉ(പി) നം. 41/2016/ആ.സാ.വ.
2. 04/11/16 ലെ സഉ(പി) നം. 49/2016/ആ.സാ.വ.
3. 07/11/16 ലെ സഉ(പി) നം. 186/2016/പൊ.വി.വ.

## <u>ഉത്തരവ്</u>

പരാമർശം (3) പ്രകാരം "പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി" മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിന് രൂപരേഖ അംഗീകരിച്ചുകൊണ്ട് ഉത്തരവായി.

പ്രസ്തുത ഉത്തരവ് പ്രകാരം നിലവിലുള്ള ലേണിംഗ് ഒബ്ജക്ടീവ് ലക്ഷ്യങ്ങൾ എത്രമാത്രം കൈവരിച്ചു എന്നറിയുന്നതിന് ശാസ്ത്രീയ രീതിശാസ്ത്രം ഉപയോഗിച്ചുകൊണ്ടുള്ള ഒരു വിലയിരുത്തൽ സർക്കാർ അംഗീകൃത സംവിധാനങ്ങളെക്കൊണ്ട് ഈ അദ്ധ്യയന വർഷം തന്നെ നടത്തേണ്ടതാണ്. ആയതിലേയ്ക്കായി സ്കൂൾ തലത്തിൽ വിശദമായ ഒരു സർവ്വേ ഡയറ്റ് പ്രിൻസിപ്പൽമാരുടെ നേതൃത്വത്തിലും എസ് സി ഇ ആർ റ്റി യുടെ നിയന്ത്രണത്തിലും നടത്തേണ്ടതും റിപ്പോർട്ട് ചുവടെ പ്രതിപാദിക്കുന്ന സർക്കാർതല കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്.

മേൽ വിവരിച്ച പ്രകാരമുള്ള സർക്കാർതല കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

- പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി - ചെയർമാൻ
- ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ടാസ്ക് ഫോഴ്സ് - വൈസ് ചെയർമാൻ

<u>അംഗങ്ങൾ:-</u>

- ഹയർസെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ
- വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ
- പൊതുവിദ്യാഭ്യാസ ഡയറക്ടർ
- എസ് സി ഇ ആർ റ്റി ഡയറക്ടർ
- ഭിന്നശേഷിയുള്ള കുട്ടികളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ ഉതകുന്ന ഒരു പ്രതിനിധി
- ഒരു ചൈൽഡ് സൈക്കോളജിസ്റ്റ്
- കുട്ടികളുടെ വിവിധ തലങ്ങളിലുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഉതകുന്ന ഒരു വനിതാ ഓഫീസർ
- രണ്ടോ മൂന്നോ വിദ്യാഭ്യാസ വിചക്ഷണന്മാർ

പ്രസ്തുത സർക്കാർതല കമ്മിറ്റി മേൽ പഠന റിപ്പോർട്ട് പരിശോധിക്കുകയും ഉചിതമായ തിരുത്തൽ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബി.ശ്രീനിവാസ്**
**പ്രിൻസിപ്പൽ സെക്രട്ടറി(i/c)**

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ധനകാര്യവകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ഐ & പി. ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ